# കുട്ടമ്പൂർ ഹയർസെക്കണ്ടറി സ്കൂൾ

## ലിറ്റിൽ കൈറ്റ്

## LK/2019/47024


# *ചിരാത്*

## *ഡിജിറ്റൽ മാഗസിൻ*

## *2019 - 2020*

# Table of Contents


സന്ദേശം....3
എന്റെ ബാല്യം....4
മഴത്തുള്ളി....5
പാറിപറക്കുന്ന പൂമ്പാറ്റേ....6
വിദ്യാലയം....7
മരണം എന്ന യാത്ര....8
പച്ചപയർ....9
കൃതജ്ഞത -....10



**പി സി ശശികുമാർ(ഹെഡ്മാസ്റ്റർ)**

**സന്ദേശം**

***നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കൂട്ടായ ശ്രമത്തിന്റെ ഫലമായ് ചിരാത് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറായത് വളരെ സന്തോഷവും അഭിമാനവും തോന്നുന്നു. ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടറിന്റേയും അനന്തസാധ്യത വിദ്യാർത്ഥികളിൽ എത്തിക്കുക എന്നതാണ് ലിറ്റിൽകൈറ്റ് യൂണിറ്റിന്റെ ലക്ഷ്യം . ഇനിയും ഇത്തരത്തിലുള്ള നല്ല മാതൃകാ പ്രവർത്തനങ്ങൾ നമ്മുടെ ലിറ്റിൽ കൈറ്റ് യൂണിറ്റിന് കാഴ്ചവെക്കാൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായ് ആഗ്രഹിക്കുന്നു.***

## എന്റെ ബാല്യം

അഭിനന്ദ് എ എസ് IX B

ഓർക്കുമ്പോൾ സന്തോഷവും
ഓർക്കാപ്പുറത്ത് ദുഃഖവും

ഇടചേർന്നാണെന്റെ  ബാല്യം
അമ്മതൻ കൈപിടിച്ച്  നടന്നൊരാ ബാല്യം

അമ്മിഞ്ഞപ്പാലിൻ മധുരം നുകർന്നൊരാ ബാല്യം
അച്ഛന്റെ കരുതലും സ്നേഹവുമനുഭവിച്ചൊരാ ബാല്യം

ഓർക്കുമ്പോളിതാ നഷ്ടമാം  ഓർമകളാണെന്റെ ബാല്യം
സുന്ദരമായൊരു ഓർമച്ചെപ്പാണെന്റെബാല്യം



## മഴത്തുള്ളി

**മേഘമാം അമ്മയുടെ കരത്തിൽ നിന്നും**

**മക്കളാം മഴത്തുള്ളികൾ വീണ.....**

**കോപമായി അമ്മതൻ മുഖം കറുത്ത്**

**മിന്നലും ചീറ്റലും പടപടഞ്ഞു....**

**മക്കളാം മഴത്തുള്ളികൾ വീണൂ**

**മാതൃ അമ്മയാം മണ്ണിൻ വിരിപ്പിൽ.....**

**കണ്ടതാം മേഘമാം അമ്മതൻ കോപം**

**അടക്കിപ്പിടിച്ചൂ....**

**മിന്നലും ചീറ്റലും മാഞ്ഞു പോയീ**

*കാർ മേഘവും അങ്ങു പോയി മറഞ്ഞു*

## പാറിപറക്കുന്ന പൂമ്പാറ്റേ

സ്നേഹ .കെ VIII B

പാറി പറക്കണെ പൂമ്പാറ്റേ
എങ്ങോട്ടു പോകുന്നു നീ വേഗം
എന്നുടെ കൂടെ കളിക്കാമോ?
എന്നുടെ കൂടെ ഇരിക്കാമോ?
പൂമ്പാറ്റേ പൂമ്പാറ്റേ പാറി
പറക്കുന്ന പൂമ്പാറ്റേ..........

കുഞ്ഞേ കുഞ്ഞേ കുഞ്ഞാവേ
പൂന്തേനുണ്ണാൻ പോവുന്നു ഞാൻ
പൂന്തേനുണ്ണാൻ പോവുന്നു
അക്കരെ തോട്ടത്തിൻ പൂവിൽ
നിറയെ തേനുണ്ട് നല്ല
തേനുണ്ട്
വേഗം പോയി കുടിച്ചിട്ട്

നിന്നുടെ കൂടെ കളിക്കാം ഞാൻ
നിന്നുടെ കൂടെ ഇരിക്കാം ഞാൻ
നല്ലവനായൊരു പൂമ്പാറ്റേ
എന്നാ നീ വേഗം പോയിക്കോ
എന്നിട്ട് വേഗം തിരിച്ചു
വരണേ നല്ലവനായൊരു പൂമ്പാറ്റേ

# വിദ്യാലയം

ജിനുജാസ്മിൻ VIII B

എന്നുടെ സ്വന്തം വിദ്യാലയം
നന്മകൾ പൂക്കും അങ്കണം




വിദ്യയെന്നൊരു പൂന്തോട്ടത്തിൻ
പൂമ്പാറ്റകളാം കുട്ടികൾക്ക്

നന്മതൻ മാർഗം കാട്ടാൻ
അധ്യാപകരുമുണ്ടല്ലോ

കൂട്ടുകാരേ വരൂ വരൂ
ഇതിലെ വരൂ വരൂ

അറിവിൻ നിറകുടമായൊരു
വിദ്യാലയ മുറ്റത്തേക്ക് വരൂ

സന്തോഷവും സമൃദ്ധിയും
നിറഞ്ഞതാണെൻ വിദ്യാലയം

എന്നുടെ സ്വന്തം വിദ്യാലയം
നന്മകൾ പൂക്കും വിദ്യാലയം

# മരണം എന്ന യാത്ര

MINHA FATHIMA VIII
A

*ഇന്നലെ നല്ല ക്ഷീണം ഉണ്ടായീരുന്നു.അതിനാൽ വൈകിയിട്ടാണ് ഉറങ്ങിയത്.ഇന്നു രാവിലെ എഴുന്നേൽക്കാൻകഴിയുന്നില്ല.പെട്ടന്ന് തന്നെ ഭാര്യ എനിക്കുള്ള കാപ്പിയുമായി വന്നു.അവൾ എന്നെ വിളിച്ചു വീണ്ടും വീണ്ടും.......അവൾ ആർത്തു നിലവിളിച്ചു. അപ്പോൾ അയലത്തെ ബീവിയും,രാമുവും ഓടിവന്നു അവർ എന്നെ മൂക്കിലേക്ക് വിരൽ ചേർത്തു പരിശോധിച്ചു.രാമു പറഞ്ഞു.അബുവിനെ ദൈവം വിളിചു കഷ്ടം !"ബീവി വേഗം തന്നെ ഫോൺ എടുത്ത് ബന്ധു വിളിക്കാൻ തുടങ്ങി."അബൂക്ക പോയിട്ടോ...!*

*വേഗം വന്നോളീ"പാവം എന്റെ ഭാര്യ അവൾ ഏങ്ങി കരയുകയാണ്.അടുത്ത് മക്കൾ നോക്കി നിൽക്കുന്നു. ഞാനും അപ്പോൾ മാത്രമാണ് മരണം എന്നെ കൂട്ടിന് വിളിച്ചതറിഞ്ഞത് രാമു ബാക്കി എല്ലാരേം കൂട്ടിവന്നു. എന്നെ ഒന്നെടുത്ത് ,ഉമ്മാ ന്റെ മരക്കട്ടിലിന്റെ മുകളിൽ വെച്ചു . ഉടനെ ഒരുപാട് പേർ വന്നു.ചിലർ എന്നെ കണ്ടുപോയി. ചിലർ ഖുർ ആൻ ഓതുന്നു. ഉമ്മയും ഭാര്യയും റനമോളും കരയുകയാണ്. എനിക്ക് ഒന്നിനോടും പ്രതികരിക്കാനായില്ല. കുറച്ചുപേർ വന്നെന്നെ ഒരു കെട്ടിവച്ച മറക്കുള്ളികയറ്റി കുളിപ്പിച്ചു.എനിക്കതു തടയാനായല്ല. പിന്നീട് ആറുക്കാലുള്ള കട്ടിലിൽ എന്നെയും തോളിലേറ്റി ചിലർ പള്ളിയിലേക്കു നടന്നു. വീട്ടിൽ നിന്നിറങ്ങുമ്പോൾ ഭാര്യ കരഞ്ഞുകൊണ്ട് എന്നെ അവസാനം നോക്കി. അങ്ങനെ പള്ളിയിൽ എത്തി എനിക്കു നേരെ തിരിഞ്ഞ് ചിലർ നമസ്കരിക്കുന്നു.അവസാനം കുഴിച്ചു വച്ച കുഴിയിൽ വെള്ളമൂടിയ എന്നെ കിടത്തി. മണ്ണ് വെച്ച് മൂടി. ഞാൻ ഒരുപാട് വിഷമിച്ചു.ആര് അറിയാൻ ? കുറച്ചുകഴിഞ്ഞപ്പോൾ എല്ലാവരും പിരിഞ്ഞുപോയി. ഞാൻ തനിച്ചായി.മരണം എന്നെ തനിച്ചാക്കി.ഭയം മാത്രം കൂടെ.*
*"ഇത് ഭയാനകം തന്നെ"*

## പച്ചപയർ

**SOORYAKIRAN VIII B**



**പയർ പയർ ചെറുപയർ**
**പച്ചകളറിൽ ചെറുപയർ**

**പുട്ടിനു കൂട്ടാം ചെറുപയർ**
**ചോറിനു കൂട്ടാം ചെറുപയർ**

**പയർ വിക്കണ ചേച്ചിക്ക്**
***ടയർ പൊലൊരു കുടവയർ***

# കൃതജ്ഞത -

നമ്മുടെ ലിറ്റിൽകൈറ്റ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ ഏറെ പരിമിതികളുടെ ഉള്ളിൽ നിന്നുകൊണ്ട് ഏകദേശം പൂർണമായിരിക്കുകയാണ്. വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ ഡിജിറ്റൽ രൂപത്തിലാക്കുവാൻ നമ്മുടെ ലിറ്റിൽ കൈറ്റ് യൂണിറ്റിലെ കുട്ടികളേറെ പ്രയത്നിച്ചിട്ടാണ് ഈ ഒരു മാഗസിൻ തയ്യാരായത്. വിദ്യാലയത്തിലെ എല്ലാ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും പരിപൂർണസഹകരണംകൊണ്ടാണ് ഈ ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യാനായത് എന്ന് ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

വിഷ്ണു പ്രസാദ് എം എം - ലിറ്റിൽ കൈറ്റ് മാസ്റ്റർ

ശാരിക ഇ - ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്